## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 5864 — 28.10.2011 ൽ മറുപടിക്ക്

വെബ് സൈറ്റുകൾ മലയാളത്തിലാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സർക്കാരിന്റെ വിവിധ വകുപ്പുകളുടെ വെബ് സൈറ്റുകൾ മലയാളത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kerala.gov.in-ഉം പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് സൈറ്റും മലയാളത്തിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ മറ്റു ചില വകുപ്പുകളുടെ വെബ് സൈറ്റുകളും കൂടി മലയാളത്തിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) വിവിധ വകുപ്പുകളിലെ കമ്പ്യൂട്ടർവൽക്കരണ പരിപാടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ? | (ബി) കമ്പ്യൂട്ടർവൽക്കരണം ഒരു തുടർ പ്രക്രിയയാണ്. സാങ്കേതിക വിദ്യാ മാറ്റത്തിനനുസരിച്ച് നിയമ വ്യവസ്ഥകൾക്കനുസൃതമായി കാലോചിതമായുള്ള മാറ്റങ്ങൾ കമ്പ്യൂട്ടർവൽക്കരണത്തിൽ നടത്തേണ്ടതു കൊണ്ടാണിത്. കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയതു വഴി വിവിധ വകുപ്പുകളിലെ 50-ൽപ്പരം സേവനങ്ങൾ ഓൺ ലൈൻ ആയും അക്ഷയ സെന്ററിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത്തരം കൂടുതൽ ഇ-ഗവേണൻസ് സേവനങ്ങൾ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ